"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം

നമ്പർ:ഇ2/32475/14 തീയതി: 06 /02/2015

## <u>സർക്കുലർ</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - 2014-15 സാമ്പത്തിക വർഷത്തെ മോഡണൈസേഷൻ ശീർഷകത്തിലെ ഫണ്ട് പൂർണ്ണമായും ചെലവഴിക്കുന്നത്-സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിൽ നിന്നുമുള്ള 07/01/15ലെ ഇ2-32475-14 നമ്പർ ട്രെയിനിംഗ് ഡയറക്ടറുടെ സർക്കുലർ.

*********

മേൽ സൂചനയിലെ സർക്കുലർ പ്രകാരം എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും 2014-15 സാമ്പത്തിക വർഷത്തെ മോഡണൈസേഷൻ ശീർഷകത്തിലെ ഫണ്ട് ചെലവഴിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. സർക്കുലറിന്റെ ഒരു പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഈ സാഹചര്യത്തിൽ താങ്കളുടെ അധികാര പരിധിയിൽ വരുന്ന (ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്) ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് 2014-15 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിനായി ഡയറക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടുള്ള 07/01/15ലെ മാർഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചു കൊണ്ട് വിവിധ പദ്ധതികൾക്കായി ലഭിച്ചിട്ടുള്ള വിതരണ ഉത്തരവുകൾ, ഭരണസംഭരണ അനുമതികൾ എന്നിവ പ്രകാരമുള്ള നടപടികൾ ആവശ്യമെങ്കിൽ ബന്ധപ്പെട്ട കമ്പനികളുമായി യുദ്ധകാലാടിസ്ഥാനത്തിൽ കത്തിടപാടുകൾ നടത്തി നടപ്പുസാമ്പത്തികവർഷം തന്നെ (31/03/15) ഫണ്ട് പരമാവധി ചെലവഴിക്കുവാൻ നിർദ്ദേശം നൽകേണ്ടതും ഓരോ ആഴ്ചയിലെ അവസാനത്തെ പ്രവർത്തി ദിവസം വൈകുന്നേരം 5 മണിക്കു മുമ്പായി സർക്കുലറിൽ നിർദ്ദേശിച്ചിരുന്ന വിവരങ്ങൾ ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**
**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

ഉള്ളടക്കം:07/01/15ലെ സർക്കുലറിന്റെ പകർപ്പ്

<u>സ്വീകർത്താവ്</u>

എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും: